പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 280

# 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 280

# 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

970/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 280

# 2025-ലെ കേരള പൊതുസേവനാവകാശ ബിൽ

നിശ്ചിത സമയപരിധിക്കുള്ളിൽ അർഹതയുള്ള ആളുകൾക്ക് പൊതുസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വീഴ്ച വരുത്തുന്ന സംഗതികളിൽ പൊതുസേവകരെ ഉത്തരവാദിത്വപ്പെടുത്തുന്നതിനും ഉൾപ്പെടെ അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—നിശ്ചിത സമയപരിധിക്കുള്ളിൽ അർഹതയുള്ള ആളുകൾക്ക് പൊതുസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വീഴ്ച വരുത്തുന്ന സംഗതികളിൽ പൊതുസേവകരെ ഉത്തരവാദിത്വപ്പെടുത്തുന്നതിനും ഉൾപ്പെടെ അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പൊതു സേവനാവകാശ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 10-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷൻ എന്നർത്ഥമാകുന്നു;

(ബി) "ദിവസങ്ങൾ" എന്നാൽ ബന്ധപ്പെട്ട പൊതുഅധികാര സ്ഥാനത്തിന്റെ പ്രവർത്തിദിവസങ്ങൾ എന്നർത്ഥമാകുന്നു;

(സി) "നിയുക്ത ഉദ്യോഗസ്ഥൻ" എന്നാൽ 4-ാം വകുപ്പ് പ്രകാരം നിയുക്തനാക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഡി) " ഇലക്ട്രോണിക് മോഡ്" എന്നാൽ ഏതെങ്കിലും സേവനം ഇലക്ട്രോണിക് ആയി പ്രദാനം ചെയ്യുന്നതിനായുള്ള ഏതൊരു സമ്പ്രദായമോ പ്രക്രിയയോ ആപ്ലിക്കേഷനോ എന്നർത്ഥമാകുന്നതും അതിൽ സർക്കാരിൽ നിന്നും സർക്കാരിലേക്കോ സർക്കാരിൽ നിന്നും പൗരനിലേക്കോ അല്ലെങ്കിൽ സർക്കാരിൽ നിന്നും വ്യാപാര ഇടപാടുകൾക്കോ, ഡാറ്റാ വിനിമയവും മറ്റ് ഇതര ഡിജിറ്റൽ വിതരണ ഇടപാടുകളും അത് ഇ-മെയിൽ, മൊബൈൽ സേവനങ്ങൾ, ക്ലൗഡ് കംപ്യൂട്ടിംഗ്, ഡോക്യുമെന്റ് മാനേജ്മെന്റ്, വോയ്സ് അല്ലെങ്കിൽ ഡാറ്റാ ട്രാൻസ്മിഷൻ വഴിയോ മറ്റേതെങ്കിലും വിധത്തിലോ നടത്തപ്പെട്ടതായാലും, ഉൾപ്പെടുന്നതും എന്നാൽ അവയിൽ മാത്രമായി പരിമിതപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഇ) " ഇലക്ട്രോണിക്കായി സേവനം പ്രദാനം ചെയ്യൽ" എന്നാൽ സേവനങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ പ്രദാനം ചെയ്യൽ എന്നർത്ഥമാകുന്നു;

(എഫ്) " അർഹതയുള്ള ആൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട സേവനം ലഭിക്കുന്നതിന് അർഹതയുള്ള ആൾ എന്നർത്ഥമാകുന്നതും അതിൽ അപ്രകാരം അർഹതയുള്ള ആൾ യഥാവിധി ലിഖിതമായി അധികാരപ്പെടുത്തിയ ആളും ഉൾപ്പെടുന്നതുമാകുന്നു;

(ജി) " ഒന്നാം അപ്പീൽ അധികാരി" എന്നാൽ 4-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എച്ച്)" സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഐ) " വകുപ്പ് മേധാവി" എന്നാൽ ഗവൺമെന്റ് സെക്രട്ടറിയോ ഡയറക്ടറോ കമ്മീഷണറോ രജിസ്ട്രാറോ അല്ലെങ്കിൽ ഒരു സർക്കാർ സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന മറ്റ് ഏതെങ്കിലും അധികാരിയോ എന്നർത്ഥമാകുന്നു;

(ജെ) " വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(കെ) " നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർഥമാകുന്നു;

(എൽ)" പൊതുഅധികാരസ്ഥാനം" എന്നാൽ,—

(i) ഭരണഘടനയാൽ അല്ലെങ്കിൽ അതിൻകീഴിൽ;

(ii) പാർലമെന്റിനാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;

(iii) സംസ്ഥാന നിയമസഭയാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;

(iv) സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉത്തരവോ മുഖേന സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനം അല്ലെങ്കിൽ നികായം അല്ലെങ്കിൽ സ്വയംഭരണ സ്ഥാപനം എന്നും,—

(എ) സർക്കാരിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ നൽകപ്പെടുന്ന ഫണ്ടിനാൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ ഗണ്യമായ സാമ്പത്തികസഹായം നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും നികായവും;

(ബി) സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന പൊതുസേവനം പ്രദാനം ചെയ്യേണ്ടതായ മറ്റേതെങ്കിലും നികായവും

എന്നർത്ഥമാകുന്നു;

(എം) "പൊതുസേവനം" എന്നാൽ സർക്കാർ, ഇലക്ട്രോണിക് ആയോ മറ്റേതെങ്കിലും വിധത്തിലോ പ്രദാനം ചെയ്യേണ്ട പൊതുസേവനം എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റിന്റെ 4-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട വകുപ്പ് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സേവനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(എൻ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഒ) "രണ്ടാം അപ്പീൽ അധികാരി" എന്നാൽ 8-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് വിജ്ഞാപനം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(പി) "നിശ്ചിത സമയപരിധി" എന്നാൽ നിയുക്ത ഉദ്യോഗസ്ഥൻ സേവനം പ്രദാനം ചെയ്യുന്നതിലേക്കായി ഈ ആക്റ്റിലെ 4-ാം വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധി എന്നർത്ഥമാകുന്നു.

3. പൊതുസേവനങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 4-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. പൊതുസേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ മുതലായവ വിജ്ഞാപനം ചെയ്യുന്നതിനുള്ള അധികാരം.—(1) ഓരോ വകുപ്പ് തലവനും, കാലാകാലങ്ങളിൽ, അവർ പ്രദാനം ചെയ്യുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി എന്നിവ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള പൊതുസേവനം പ്രദാനം ചെയ്യുന്നതിലേക്കായി സർക്കാർ, വിജ്ഞാപനം വഴി, വില്ലേജ്, താലൂക്ക്, ജില്ല, വകുപ്പ് തലത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഉചിതതലത്തിലോ വ്യത്യസ്ത പൊതുസേവനങ്ങൾ നൽകുന്നതിന് വ്യത്യസ്തരായ ഉദ്യോഗസ്ഥരെ നിയോഗിക്കാവുന്നതും അവർ അപ്രകാരമുള്ള ഓരോ സേവനവും അർഹതയുള്ള ആളിന് പ്രദാനം ചെയ്യുന്നതിന് ഉത്തരവാദിത്വപ്പെട്ടവരായിരിക്കുന്നതുമാണ്.

5. <u>നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനം പ്രദാനം ചെയ്യൽ</u>.—(1) നിയുക്ത ഉദ്യോഗസ്ഥൻ, അർഹതയുള്ള ആളിന് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അത്തരം സമയപരിധിക്കുള്ളിൽ, പൊതുസേവനം പ്രദാനം ചെയ്യേണ്ടതാണ്.

(2) നിശ്ചിത സമയപരിധി, പൊതുസേവനത്തിനായുള്ള എല്ലാ അർത്ഥത്തിലും പൂർണ്ണമായ ഒരു അപേക്ഷ നിയുക്ത ഉദ്യോഗസ്ഥന് അല്ലെങ്കിൽ അത്തരം അപേക്ഷ സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട കീഴുദ്യോഗസ്ഥന്, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ, സമർപ്പിക്കപ്പെട്ട തീയതി മുതൽ ആരംഭിക്കുന്നതാണ്.

(3) ഓരോ നിയുക്ത ഉദ്യോഗസ്ഥനും, പൊതുസേവനത്തിനായി അപേക്ഷിച്ചതോ ആയത് പ്രദാനം ചെയ്തതോ നിരസിച്ചതോ ആയ അപേക്ഷകളുടെ വിശദമായ രേഖകൾ, അതത് സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, പ്രത്യേകിച്ചും ഇലക്ട്രോണിക്ക് രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്.

(4) നിയുക്ത ഉദ്യോഗസ്ഥൻ കൈപ്പറ്റിയ എല്ലാ അപേക്ഷകളും അപേക്ഷ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തി കൈപ്പറ്റ് രസീത് നൽകേണ്ടതും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ, സ്വയമേവ തന്നെ സൃഷ്ടിക്കപ്പെടുന്ന കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

(5) അപേക്ഷ കൈപ്പറ്റിയാൽ ഉടൻ തന്നെ, നിയുക്ത ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയതിൽ നടപടി സ്വീകരിക്കേണ്ടതും നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനം പ്രദാനം ചെയ്യുകയോ അല്ലെങ്കിൽ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ അപേക്ഷ നിരസിക്കുന്ന സംഗതിയിൽ, നിയുക്ത ഉദ്യോഗസ്ഥൻ ആയതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും അത് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

6. സേവനം ഇലക്ട്രോണിക്കായി പ്രദാനം ചെയ്യൽ.—(1) എല്ലാ പൊതുഅധികാര സ്ഥാനങ്ങളും നിയമപരവും സാങ്കേതികവും സാമ്പത്തികവുമായ പ്രായോഗികതയ്ക്ക് വിധേയമായി,

i) ഇലക്ട്രോണിക് ആയി പ്രദാനം ചെയ്യാൻ സാധ്യമല്ലാത്തതും;

ii) ഇലക്ട്രോണിക് ആയി പ്രദാനം ചെയ്യാൻ സാധ്യമായതും എന്നാൽ നിർദ്ദിഷ്ട കാരണങ്ങളാൽ അത്തരം സേവനങ്ങൾ ഇലക്ട്രോണിക് ആയി പ്രദാനം ചെയ്യേണ്ടതില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും

ആയ സേവനങ്ങളും ഒഴികെ, എല്ലാ പൊതുസേവനങ്ങളും ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ, സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന സമയപരിധിക്കുള്ളിൽ ഇലക്ട്രോണിക് മോഡിൽ പ്രദാനം ചെയ്യേണ്ടതാണ്.

(2) ഓരോ പൊതുഅധികാരസ്ഥാനവും, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ ആറ് മാസങ്ങൾക്കുള്ളിൽ, ഇലക്ട്രോണിക് മോഡിൽ പ്രദാനം ചെയ്യപ്പെടേണ്ട പൊതു സേവനങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതും, ആ പട്ടിക എല്ലാ വർഷവും അവലോകനം ചെയ്യേണ്ടതും കാലാനുസൃതമാക്കേണ്ടതുമാണ്.

(3) പൊതുഅധികാരസ്ഥാനം, (2)-ാം ഉപവകുപ്പിൻ കീഴിലുള്ള പട്ടിക അവലോകനം ചെയ്യുമ്പോൾ, വിജ്ഞാപനംവഴി, അത്തരം പട്ടികയിൽ നിന്നും ഏതെങ്കിലും പൊതുസേവനത്തെ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ പട്ടികയിലെ അത്തരം ഒഴിവാക്കൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെയായിരിക്കേണ്ടതാണ്.

(4) സർക്കാരിന്, കാലാകാലങ്ങളിൽ, കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഇലക്ട്രോണിക് ഗവേർണൻസ് സ്റ്റാൻഡേർഡിന് ഭംഗംവരാത്ത വിധത്തിൽ, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ, ഇലക്ട്രോണിക് ഗവേർണൻസ് സ്റ്റാൻഡേർഡ് വിജ്ഞാപനം ചെയ്യാവുന്നതാണ്.

7. ഒന്നാം അപ്പീൽ.—(1) 5-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ നിരസിക്കപ്പെട്ടതോ അല്ലെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനം ലഭിക്കാത്തതോ അല്ലെങ്കിൽ ലഭ്യമായ പൊതുസേവനത്തിൽ ഏതെങ്കിലും തരത്തിൽ അപര്യാപ്തതയുള്ള ഏതൊരാൾക്കും, നിരസിച്ച ഉത്തരവ് ലഭ്യമായ തീയതി മുതലോ അല്ലെങ്കിൽ നിശ്ചിത സമയപരിധി അവസാനിക്കുമ്പോഴോ അല്ലെങ്കിൽ അപര്യാപ്തതയുള്ള സേവനം ലഭിച്ച തീയതി മുതലോ, അതതുസംഗതിപോലെ, മുപ്പത് ദിവസത്തിനുള്ളിൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് ഒന്നാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുകയാണെങ്കിൽ ആ അധികാരിക്ക്, മുപ്പത് ദിവസം അവസാനിച്ചതിനുശേഷമുള്ള അപ്പീലും സ്വീകരിക്കാവുന്നതാണ്.

(2) ഒന്നാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനോട് വിനിർദ്ദേശിക്കുന്ന അത്തരം കാലാവധിക്കുള്ളിലും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സമയപരിധി അധികരിക്കാത്ത വിധത്തിലും അർഹതയുള്ള ആളിന് പൊതുസേവനം പ്രദാനം ചെയ്യുവാനോ അല്ലെങ്കിൽ പ്രദാനം ചെയ്ത പൊതുസേവനത്തിലെ അപര്യാപ്തത പരിഹരിക്കുവാനോ നിർദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ ലിഖിതമായ കാരണങ്ങളാൽ അപ്പീൽ നിരസിച്ചുകൊണ്ടോ ആയത് തീർപ്പാക്കാവുന്നതാണ്:

എന്നാൽ (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഒന്നാം അപ്പീൽ അധികാരി ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഫയൽ ചെയ്യപ്പെട്ട അപ്പീൽ ആയത് സ്വീകരിച്ച് മുപ്പതു ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

8. രണ്ടാം അപ്പീൽ.—(1) ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഒന്നാം അപ്പീലിന്മേൽ ഉത്തരവ് ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുകയാണെങ്കിൽ ആ അധികാരിക്ക്, മുപ്പത് ദിവസം അവസാനിച്ചതിനുശേഷമുള്ള അപ്പീലും സ്വീകരിക്കാവുന്നതാണ്.

(2) രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനോട് വിനിർദ്ദേശിക്കുന്ന അത്തരം കാലാവധിക്കുള്ളിലും നിശ്ചിത സമയപരിധി അധികരിക്കാത്ത വിധത്തിലും അർഹതയുള്ള ആളിന് പൊതുസേവനം പ്രദാനം ചെയ്യുവാനോ അല്ലെങ്കിൽ പ്രദാനം ചെയ്ത പൊതുസേവനത്തിലെ അപര്യാപ്തത പരിഹരിക്കുവാനോ നിർദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ ലിഖിതമായ കാരണങ്ങളാൽ അപ്പീൽ നിരസിച്ചുകൊണ്ടോ ആയത് തീർപ്പാക്കാവുന്നതാണ്:

എന്നാൽ (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് രണ്ടാം അപ്പീൽ അധികാരി ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഫയൽ ചെയ്യപ്പെട്ട അപ്പീൽ ആയത് സ്വീകരിച്ച് മുപ്പതു ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

9. <u>റിവിഷൻ</u>.—(1) രണ്ടാം അപ്പീൽ അധികാരിയുടെ ഒരു ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും കമ്മീഷൻ മുമ്പാകെ പ്രസ്തുത ഉത്തരവ് തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ റിവിഷൻ ഹർജി സമർപ്പിക്കാവുന്നതാണ്:

എന്നാൽ, യഥാസമയം റിവിഷൻ ഫയൽ ചെയ്യാതിരുന്നതിന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് കമ്മീഷന് ബോധ്യപ്പെടുകയാണെങ്കിൽ ആ അധികാരിക്ക്, അറുപത് ദിവസം അവസാനിച്ചതിനുശേഷമുള്ള റിവിഷൻ ഹർജിയും സ്വീകരിക്കാവുന്നതാണ്.

(2) കമ്മീഷന്റെ തീരുമാനം അന്തിമവും ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും ബാധകമായിരിക്കുന്നതുമാണ്.

10. <u>കേരള സംസ്ഥാന സേവനാവകാശ കമ്മീഷന്റെ രൂപീകരണം</u>.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിക്കുശേഷം, കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനം വഴി, “കേരള സംസ്ഥാന സേവനാവകാശ കമ്മീഷൻ" എന്നറിയപ്പെടുന്ന ഏകാംഗീകൃത നികായം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷൻ, ജില്ലാ ജഡ്ജി പദവിയിൽ വിരമിച്ച ആളോ കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസിൽ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സ്ഥാനം വഹിച്ചിരുന്നയാളോ പത്ത് വർഷമോ അതിൽ കൂടുതലോ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്.

11. <u>കമ്മീഷന്റെ ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും</u>.—(1) കമ്മീഷൻ ആയി നിയമിക്കപ്പെടുന്ന ആളിന് അദ്ദേഹം ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതുവരെ, ഏതാണോ ആദ്യം അതുവരെ തൽസ്ഥാനത്ത് തുടരാവുന്നതും, പുനർനിയമനത്തിന് അർഹത ഇല്ലാത്തതുമാണ്.

(2) കമ്മീഷന് ഏതുസമയത്തും, സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) സർക്കാർ, കമ്മീഷൻ ആയിരിക്കുന്ന ആളിനെ ഔദ്യോഗിക സ്ഥാനത്തുനിന്നും, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായി തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ജോലി ചെയ്യാൻ കഴിവില്ലാതായി തീരുകയോ; അല്ലെങ്കിൽ

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ ആ സ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം, തന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയോ

ചെയ്താൽ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഏതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യാവുന്നതല്ല.

(4) കമ്മീഷനായി നിയമിക്കപ്പെടുന്നയാളിന് നൽകേണ്ട ശമ്പളവും ബത്തകളും അദ്ദേഹത്തിന്റെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

12. <u>കമ്മീഷന്റെ ഓഫീസും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും</u>.– (1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഓഫീസ് സംവിധാനവും ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവന വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

13. <u>ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽ നിന്ന് നൽകണമെന്ന്</u>.— കമ്മീഷന് നൽകേണ്ട ശമ്പളവും ബത്തകളും 12-ാം വകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, സർക്കാർ ബജറ്റ് വഴി അനുവദിക്കുന്ന ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്.

14. <u>കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) കമ്മീഷന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അതിന്റെ നടപടിക്രമങ്ങൾ ക്രമപ്പെടുത്തുക;

(ii) ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതുസേവനം പ്രദാനം ചെയ്യുന്നതിലുള്ള വീഴ്ചകളിൽ സ്വമേധയാ നടപടി സ്വീകരിക്കുകയോ യുക്തമെന്ന് കരുതുന്നപക്ഷം, അത്തരം കേസുകളിൽ ഉത്തരവ് പുറപ്പെടുവിക്കുകയോ തീരുമാനമെടുക്കുകയോ ചെയ്യുന്നതിലേയ്ക്കായി ഒന്നാം അപ്പീൽ അധികാരിക്കോ അല്ലെങ്കിൽ രണ്ടാം അപ്പീൽ അധികാരിക്കോ റഫർ ചെയ്യുകയോ ചെയ്യുക;

(iii) പൊതുസേവനം പ്രദാനം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള പൊതു അധികാരസ്ഥാനത്തിന്റെ ഓഫീസും ഒന്നും രണ്ടും അപ്പീൽ അധികാരികളുടെ ഓഫീസുകളും പരിശോധിക്കുക;

(iv) 4-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യേണ്ടതായ കൂടുതൽ സേവനങ്ങൾ ശിപാർശ ചെയ്യുകയും മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിലേയ്ക്കായി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുക;

(v) ഈ ആക്റ്റ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിക്കോ എതിരെ, യുക്തമെന്ന് കരുതുന്നപക്ഷം, വകുപ്പുതല അന്വേഷണം ശിപാർശ ചെയ്യുക.

(2) ആക്ടിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, മറ്റ് കാര്യങ്ങൾക്കൊപ്പം, കമ്മീഷന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്: –

(i) 9-ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള റിവിഷൻ പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്യുക;

(ii) റിവിഷൻ തീർപ്പാക്കിയശേഷം ഉത്തരവിന്റെ പകർപ്പ് ഉടൻ തന്നെ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുകയും ആയത് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(iii) ആക്ടിലെ വ്യവസ്ഥകളുടെ നടപ്പിലാക്കൽ നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കുക;

(iv) ആക്ടിന്റെ 4-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദാനം ചെയ്യേണ്ടതായ സേവനങ്ങളുടെ വിശദാംശങ്ങൾ പ്രദർശിപ്പിക്കലും അത്തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സമയക്രമം പാലിക്കലും അത്തരം സേവനം പ്രദാനം ചെയ്യുന്നതിന്റെ രീതിയും നിലവാരവും നിരീക്ഷിക്കുക ;

(v) ഇലക്ട്രോണിക് മോഡിൽ പൊതുസേവനം ലഭിക്കാത്തതും സേവനം ഇലക്ട്രോണിക്കായി പ്രദാനം ചെയ്യുന്നതിലെ ഏതെങ്കിലും അപര്യാപ്തതകൾ സംബന്ധിച്ചുമുള്ള പൊതുജന പരാതികൾ പരിഹരിക്കുന്നതിനുള്ള ഉപദേശം നൽകുക;

(vi) പൊതുസേവനം പ്രദാനം ചെയ്യൽ കൂടുതൽ സുതാര്യവും കാര്യക്ഷമവും പൗര സൗഹൃദവുമാക്കുന്നതിന് പൊതുസേവനം പ്രദാനം ചെയ്യുന്നതിലേക്കുള്ള നടപടിക്രമങ്ങളിൽ മാറ്റങ്ങൾ ശിപാർശ ചെയ്യുക:

എന്നാൽ കമ്മീഷൻ അത്തരം ശിപാർശ ചെയ്യുന്നതിനു മുമ്പായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുമായി കൂടിയാലോചിക്കേണ്ടതാണ്;

(vii) പൊതുഅധികാരസ്ഥാനങ്ങളിൽ നിന്നും സേവനങ്ങൾ പ്രയോജനപ്പെടുത്തിയതിലെ അനുഭവത്തെക്കുറിച്ച് അർഹതയുള്ള ആളുകളിൽ നിന്നും ഫീഡ്ബാക്ക് അല്ലെങ്കിൽ പ്രതികരണം തേടുകയും ആയത് അവലോകനം നടത്തുകയും ചെയ്യുക;

(viii) പൊതുഅധികാരസ്ഥാനങ്ങളുടെ ഓഫീസ് പരിശോധിക്കുകയും വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടോയെന്ന് സ്ഥിരീകരിക്കുകയും, എന്തെങ്കിലും കാലതാമസം ശ്രദ്ധയിൽപ്പെട്ടാൽ, കൃത്യവിലോപമായി കണക്കാക്കി അത്തരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ നിയമനാധികാരിക്ക് ശിപാർശ നൽകുക;

(ix) ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിലേയ്ക്കായി പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുഅധികാരസ്ഥാനങ്ങൾ ഈ ആക്റ്റിൻ കീഴിലുള്ള സേവനങ്ങൾ പ്രദാനം ചെയുന്നത് മെച്ചപ്പെടുത്തുകയും ചെയ്യുക;

(x) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുക.

15. കമ്മീഷന്റെ ഉത്തരവുകൾ പ്രാബല്യത്തിൽ കൊണ്ടുവരുവാനുള്ള പൊതുഅധികാര സ്ഥാനത്തിന്റെ ബാധ്യത.—കമ്മീഷന്റെ ഉത്തരവുകളും തീരുമാനങ്ങളും പ്രാബല്യത്തിൽ കൊണ്ടുവരുവാനും അതിന്റെ ഉത്തരവുകളും തീരുമാനങ്ങളും നടപ്പിലാക്കുവാനും പൊതുഅധികാരസ്ഥാനത്തിന് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

16. അപ്പീൽ അധികാരികളിലും കമ്മീഷനിലും നിക്ഷിപ്തമായ അധികാരങ്ങൾ.— ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന അപ്പീൽ അധികാരികൾക്കും കമ്മീഷനും 1908-ലെ സിവിൽ നടപടി നിയമസംഹിതയിൽ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച്, അതായത്: –

(എ) ഏതെങ്കിലും ആളെ വിളിച്ച് വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും;

(ബി) ഏതെങ്കിലും പ്രമാണം കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ;

(സി) സത്യപ്രതിജ്ഞയിന്മേലോ സത്യവാങ്മൂലത്തിന്മേലോ തെളിവു സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുന്നതിനും ;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനായി കമ്മീഷനെ നിയമിക്കുന്നതിനും;

(എഫ്) അതിന്റെ ഉത്തരവുകളും തീരുമാനങ്ങളും നിർദ്ദേശങ്ങളും അവലോകനം ചെയ്യുന്നതിനും; അല്ലെങ്കിൽ

(ജി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികളിലും ഉണ്ടായിരിക്കുന്നതാണ് .

17. പൊതുസേവനം ലഭ്യമാക്കുന്നതിലേക്കുള്ള സംസ്കാരം പരിപോഷിപ്പിക്കൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ, നിയുക്ത ഉദ്യോഗസ്ഥന്റെയും പൊതുസേവനം നൽകുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ കീഴിലുള്ള ഏതൊരു ആളിന്റെയും ഒന്നാം അപ്പീൽ അധികാരിയുടെയും സേവനവ്യവസ്ഥകളുടെ ഭാഗമായി കരുതപ്പെടേണ്ടതാണ്.

(2) എല്ലാ പൊതുഅധികാരസ്ഥാനവും അർഹതയുള്ള ഒരു ആളിനോട് പൊതുസേവനം ലഭ്യമാക്കുന്നതിനായി വിവിധ സർട്ടിഫിക്കറ്റുകൾ, രേഖകൾ, സത്യവാങ്മൂലം മുതലായവ ആവശ്യപ്പെടുന്നത് കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും അത്തരം വിവരങ്ങളും രേഖകളും വകുപ്പുകളിൽ നിന്നോ ബന്ധപ്പെട്ട പൊതുഅധികാര സ്ഥാനങ്ങളിൽ നിന്നോ നേരിട്ട് ലഭ്യമാകുന്നതിന് പരിശ്രമിക്കേണ്ടതുമാണ്.

(3) എല്ലാ നിയുക്ത ഉദ്യോഗസ്ഥരും ഒന്നാം അപ്പീൽ അധികാരിയും സമയ ബന്ധിതമായി പൊതുസേവനം പ്രദാനം ചെയ്യുന്നത് വർദ്ധിപ്പിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം രീതിയിൽ, കാലാനുസൃതമായ പരിശീലനത്തിന് വിധേയരാകേണ്ടതാണ്.

18. പൊതുസേവനങ്ങളുടെയും നിശ്ചിത സമയപരിധിയുടെയും നിയുക്ത ഉദ്യോഗസ്ഥന്റെയും അപ്പീൽ അധികാരികളുടെയും വിശദാംശങ്ങൾ പ്രദർശിപ്പിക്കൽ.—നിയുക്ത ഉദ്യോഗസ്ഥന്റെയും പൊതുസേവനങ്ങളുടെയും നിശ്ചിത സമയപരിധിയുടേയും അപ്പീൽ അധികാരികളുടെയും വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി എല്ലാ പൊതുഅധികാരസ്ഥാനവും പ്രാദേശികമായി നോട്ടീസ് ബോർഡിലും ബന്ധപ്പെട്ട പൊതുഅധികാരസ്ഥാനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

19. <u>മോണിറ്റർ ചെയ്യലും റിപ്പോർട്ട് ചെയ്യലും</u>. – (1) എല്ലാ പൊതുഅധികാരസ്ഥാനവും, ഓരോ കലണ്ടർ വർഷവും അവസാനിച്ചശേഷം, ഈ ആക്റ്റിൻ കീഴിൽ പ്രദാനം ചെയ്തിട്ടുള്ള ബന്ധപ്പെട്ട വകുപ്പിന്റെ ആ വർഷത്തെ പൊതുസേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളുടെ ഒരു സമഗ്രറിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

(2) ഓരോ വകുപ്പും അവരുടെ അധികാരപരിധിയിലുള്ള പൊതുഅധികാര സ്ഥാനവുമായി ബന്ധപ്പെട്ട, ഈ വകുപ്പിന് കീഴിലുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന്, ആവശ്യമായിട്ടുള്ള വിവരം ശേഖരിക്കേണ്ടതും നൽകേണ്ടതും കൂടാതെ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ആ വിവരം നൽകുന്നതും രേഖകൾ സൂക്ഷിക്കുന്നതും സംബന്ധിച്ച ആവശ്യകതകൾ പാലിക്കേണ്ടതുമാണ്.

(3) കമ്മീഷൻ, ഓരോ വർഷാവസാനത്തിനുശേഷവും പ്രായോഗികമായി കഴിയുന്നത്ര വേഗം, ആക്റ്റിലെ വ്യവസ്ഥകൾ ആ കലണ്ടർ വർഷത്തിൽ നടപ്പിലാക്കിയതിന്റെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേയ്ക്ക് അയച്ചു നൽകേണ്ടതുമാണ്.

(4) സർക്കാർ, (3)-ാം ഉപവകുപ്പ് പ്രകാരം കൈപ്പറ്റിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ്, പ്രായോഗികമായി കഴിയുന്നത്ര വേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. <u>ശിക്ഷ</u>. – (1) നിയുക്ത ഉദ്യോഗസ്ഥനോ അത്തരം സേവനം നൽകുന്ന പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അർഹതയുള്ള ആളിന് നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനം പ്രദാനം ചെയ്യുന്നതിൽ വീഴ്ച വരുത്തുകയോ അല്ലെങ്കിൽ പൊതുസേവനം പ്രദാനം ചെയ്യുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തിയെന്നോ അല്ലെങ്കിൽ മതിയായതും തക്കതായ കാരണമില്ലാതെ നൽകിയ പൊതുസേവനം ഏതെങ്കിലും വിധത്തിൽ അപര്യാപ്തമായതോ ആയി ഒന്നാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, ഒന്നാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥന്റെയോ അപ്രകാരമുള്ള മറ്റ് ഉദ്യോഗസ്ഥന്റെയോമേൽ ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപവരെയാകാവുന്നതുമായ പിഴ ചുമത്താവുന്നതാണ്:

എന്നാൽ അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

(2) 7-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ മതിയായതോ തക്കതായതോ ആയ കാരണം കൂടാതെ അപ്പീൽ തീർപ്പുകൽപ്പിക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി അനാവശ്യ കാലതാമസം വരുത്തിയിട്ടുണ്ടെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം ഒന്നാം അപ്പീൽ അധികാരിക്ക് മേൽ രണ്ടായിരം രൂപയിൽ കുറയാതെയും പതിനയ്യായിരം രൂപവരെയാകാവുന്നതുമായ പിഴ ചുമത്താവുന്നതാണ്:

എന്നാൽ അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് രണ്ടാം അപ്പീൽ അധികാരി, ഒന്നാം അപ്പീൽ അധികാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

(3) 4-ാം വകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിശദാംശങ്ങൾ വിജ്ഞാപനപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് തലവനെതിരെയും ആക്റ്റിന്റെ 18-ാം വകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള വിശദാംശങ്ങൾ പ്രദർശിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന പൊതുഅധികാരസ്ഥാനത്തിന്റെ തലവനെതിരെയും കമ്മീഷന് പതിനായിരം രൂപ വരെയാകാവുന്ന പിഴ ചുമത്താവുന്നതാണ്:

എന്നാൽ അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പായി വകുപ്പ് തലവനോ പൊതുഅധികാരസ്ഥാനത്തിന്റെ തലവനോ പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(4) കമ്മീഷന്റെയോ രണ്ടാം അപ്പീൽ അധികാരിയുടെയോ ഉത്തരവ് പാലിക്കുന്നതിൽ നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ വീഴ്ച വരുത്തിയെന്നോ, ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ തുടർച്ചയായോ മനഃപൂർവ്വമായോ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ കമ്മീഷനോ രണ്ടാം അപ്പീൽ അധികാരിക്കോ ബോധ്യമാകുന്ന പക്ഷം, അതതുസംഗതിപോലെ, നിയുക്ത ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരിക്ക് എതിരെ, ആയത് കൃത്യവിലോപമായി കണക്കാക്കി ഈ വകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള ശിക്ഷയോടൊപ്പം, അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാവുന്നതാണ്.

21. പിഴ വസൂലാക്കലും നഷ്ടപരിഹാരം നൽകലും.– (1) ഈ ആക്റ്റിൻ കീഴിലുള്ള പൊതുസേവനം പ്രദാനം ചെയ്യൽ പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള നിയുക്ത ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ മേൽ ചുമത്തിയിട്ടുള്ള പിഴ, നിർണ്ണയിക്കപ്പെട്ട പ്രകാരം, അത്തരം ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്നോ പെൻഷനിൽ നിന്നോ അല്ലാത്തപക്ഷം മറ്റ് ആസ്തികളിൽ നിന്ന് ഭൂമിയിന്മേലുള്ള പൊതു കര കുടിശ്ശിക എന്ന പോലെ ഈടാക്കേണ്ടതാണ്.

(2) അപ്പീൽ അധികാരി അല്ലെങ്കിൽ കമ്മീഷൻ, ഉത്തരവിൽ വിനിർദ്ദേശിച്ച പ്രകാരം, ഈ ആക്റ്റിൻ കീഴിൽ ചുമത്തിയിട്ടുള്ളതും വസൂലാക്കിയിട്ടുള്ളതുമായ പിഴത്തുകയിൽ നിന്നും അർഹതയുള്ള ആൾക്ക് അപ്രകാരം ഒരു തുക ഉത്തരവ് വഴി നഷ്ടപരിഹാരമായി നൽകാവുന്നതാണ്.

22. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.– ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ

ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

23. ആക്റ്റിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന്.– ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള മറ്റ് ഏതെങ്കിലും നിയമം ഹേതുവായി പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

24. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.– ഈ ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും പ്രവർത്തിയോ എടുത്ത ഏതെങ്കിലും നടപടിയോ സർക്കാരോ മറ്റേതെങ്കിലും അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരം അനുസരിച്ചോ അതിന്റെ അല്ലെങ്കിൽ അയാളുടെ ചുമതലകളുമായോ ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവോ നിർദ്ദേശമോ സംബന്ധിച്ച് ഏതൊരു വ്യവഹാരമോ നടപടിയോ എടുക്കുവാൻ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല .

25. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.– (1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ, ഉത്തരവ് വഴി, അത്തരം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

26. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ

പതിനാലുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

27. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് (2012 - ലെ 18) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ആരംഭിച്ചിട്ടുള്ള എന്തെങ്കിലും നടപടിക്രമമോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ ആരംഭിച്ചതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയ ഏതെങ്കിലും വിജ്ഞാപനങ്ങളോ ഉത്തരവോ ചട്ടമോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം അവ പ്രാബല്യത്തിൽ തുടരുന്നതും അത് ഈ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയ ഏതെങ്കിലും വിജ്ഞാപനമോ ചട്ടമോ ഉത്തരവോ പ്രകാരം അതിലംഘിക്കപ്പെടാത്തപക്ഷം, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയി കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012 നവംബർ മാസം 1-ാം തീയതി കേരള സംസ്ഥാന സേവനാവകാശ നിയമം നിലവിൽ വന്നു. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23)യുടെ 6-ാം മത് റിപ്പോർട്ടിൽ ഉൾപ്പെട്ട 2012-ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ, ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ പരിശോധന വേളയിൽ, നിലവിലുള്ള സേവനാവകാശ നിയമം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമല്ലായെന്ന് കണ്ടെത്തിയതിൻ പ്രകാരം അതിന്മേൽ കേരള നിയമ പരിഷ്കരണ കമ്മീഷന്റെ അഭിപ്രായം ആരായുകയും കമ്മീഷന്റെ ശിപാർശ പരിഗണിച്ച് നിലവിലുള്ള നിയമം റദ്ദ് ചെയ്ത് പുതിയ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 10-ാം ഖണ്ഡം ആക്റ്റിൻ കീഴിലുള്ള റിവിഷൻ ഹർജികൾ കേൾക്കുന്നതിന് ഒരു ഏകാംഗ കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. കമ്മീഷന്റെ ഓണറേറിയം, യാത്രാചെലവ് തുടങ്ങിയ ആവശ്യങ്ങൾക്ക് സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം 30 ലക്ഷം രൂപയുടെ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. 12-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡപ്രകാരം കമ്മീഷന്റെ ഓഫീസിന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ഇനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും വഹിക്കേണ്ടതായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1) ബില്ലിലെ 2-ാം ഖണ്ഡം (ഒ) ഉപഖണ്ഡം, രണ്ടാം അപ്പീൽ അധികാരിയെ വിജ്ഞാപനം വഴി നിയമിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2) ബില്ലിന്റെ 4-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡത്തിൽ, ഓരോ വകുപ്പ് തലവനും കാലാകാലങ്ങളിൽ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി അവർ നൽകേണ്ടുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻമാർ, ഒന്നാം അപ്പീൽ അധികാരി എന്നിവ വിജ്ഞാപനം ചെയ്യുന്നതിനും;

(ii) (2)-ാം ഉപഖണ്ഡത്തിൽ വില്ലേജ്, താലൂക്ക്, ജില്ല, വകുപ്പ് തലത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഉചിത തലത്തിലോ വ്യത്യസ്ത പൊതുസേവനം നൽകുന്നതിന് വ്യത്യസ്തരായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും

വിജ്ഞാപനം പുറപ്പെടുവിക്കാൻ വകുപ്പ് തലവനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3) ബില്ലിന്റെ 5-ാം ഖണ്ഡം,—

(i) (2)-ാം ഉപഖണ്ഡത്തിൽ പൊതുസേവനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട രീതിയും;

(ii) (3)-ാം ഉപഖണ്ഡത്തിൽ അപ്രകാരമുള്ള അപേക്ഷകളുടെ വിശദമായ രേഖകൾ സൂക്ഷിക്കുന്നതിനുള്ള രീതിയും;

(iii) (5)-ാം ഉപഖണ്ഡത്തിൽ അപ്രകാരമുള്ള അപേക്ഷ കൈപ്പറ്റിയാൽ ഉടൻ നിയുക്ത ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടി രീതിയും

നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4) ബില്ലിന്റെ 6-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡത്തിൽ, എല്ലാ പൊതുസേവനങ്ങളും ഇലക്ട്രോണിക് മോഡിൽ പ്രദാനം ചെയ്യേണ്ട സമയപരിധി നിർണ്ണയിക്കുന്നതിനും;

(ii) (3)-ാം ഉപഖണ്ഡത്തിൽ, പട്ടികയിൽ നിന്നും ഏതെങ്കിലും പൊതുസേവനം ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും പൊതുഅധികാരസ്ഥാനത്തിനെ അധികാരപ്പെടുത്തുവാനും;

(iii) (4)-ാം ഉപഖണ്ഡത്തിൽ, ഇലക്ട്രോണിക് ഗവേർണൻസ് സ്റ്റാൻഡേർഡ് വിജ്ഞാപനം ചെയ്യുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5) ബില്ലിന്റെ 10-ാം ഖണ്ഡത്തിൽ, കേരള സംസ്ഥാന സേവനാവകാശകമ്മീഷൻ, വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6) ബില്ലിന്റെ 11-ാം ഖണ്ഡം, (4)-ാം ഉപഖണ്ഡത്തിൽ, കമ്മീഷനായി നിയമിക്കപ്പെടുന്നയാളിന് നൽകേണ്ട ശമ്പളം ബത്ത മറ്റ് സേവനനിബന്ധനകൾ ഉപാധികൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7) ബില്ലിന്റെ 12-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡത്തിൽ കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമെന്ന് കരുതുന്ന ഓഫീസ് സംവിധാനവും ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും അനുവദിക്കുന്നത് സംബന്ധിച്ചും;

(ii) (2)-ാം ഉപഖണ്ഡത്തിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളം ബത്ത സേവനവ്യവസ്ഥകൾ ഉപാധികൾ എന്നിവ നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8) ബില്ലിന്റെ 14-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം, (x)-ാം ഇനം കമ്മീഷൻ നിർവഹിക്കേണ്ട മറ്റ് ഏതെങ്കിലും ചുമതലകൾ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9) ബില്ലിന്റെ 16-ാം ഖണ്ഡം, (ജി) ഇനത്തിൽ, അപ്പീൽ അധികാരികൾക്കും കമ്മീഷനും മറ്റ് ഏതെങ്കിലും അധികാരങ്ങൾ നിർണ്ണയിച്ചു നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10) ബില്ലിന്റെ 17-ാം ഖണ്ഡം, (3)-ാം ഉപഖണ്ഡത്തിൽ, എല്ലാ നിയുക്ത ഉദ്യോഗസ്ഥൻമാർക്കും ഒന്നാം അപ്പീൽ അധികാരികൾക്കും കാലാനുസൃതമായ പരിശീലനം നൽകുന്നതിനുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11) ബില്ലിന്റെ 25-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡത്തിൽ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാവുന്ന പക്ഷം ആയത് നീക്കം ചെയ്യുന്നതിനു ഉത്തരവ് പുറപ്പെടുവിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12) ബില്ലിന്റെ 26-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡത്തിൽ, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്, മുൻകാലപ്രാബല്യത്തോടെയോ പിൽകാലപ്രാബല്യത്തോടെയോ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയും ആകുന്നു. മാത്രമല്ല, ചട്ടങ്ങളും വിജ്ഞാപനങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പിണറായി വിജയൻ.

**ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ**

1-ാം ഖണ്ഡം.—നിർദ്ദിഷ്ട ആക്ടിന്റെ ചുരുക്കപേരും പ്രാരംഭവും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—അർഹതയുള്ളയാൾക്ക് പൊതുസേവനങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—പൊതുസേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ മുതലായവ വിജ്ഞാപനം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനം പ്രദാനം ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—പൊതുസേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ഇലക്ട്രോണിക് മോഡിൽ പ്രദാനം ചെയ്യുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—കമ്മീഷൻ മുമ്പാകെ റിവിഷൻ ഹർജി ബോധിപ്പിക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—കേരള സംസ്ഥാന സേവനാവകാശ കമ്മീഷന്റെ രൂപീകരണത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—കമ്മീഷന്റെ ഔദ്യോഗിക കാലാവധിയും സേവനവ്യവസ്ഥകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—കമ്മീഷന്റെ ഓഫീസ് സംവിധാനവും ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽ നിന്ന് നൽകണമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—കമ്മീഷന്റെ ഉത്തരവുകൾ പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള പൊതുഅധികാരസ്ഥാനത്തിന്റെ ബാധ്യത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—അപ്പീൽ അധികാരികളിലും കമ്മീഷനിലും നിക്ഷിപ്തമായ അധികാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—പൊതുസേവനം ലഭ്യമാക്കുന്നതിലേയ്ക്കുള്ള സംസ്കാരം പരിപോഷിപ്പിക്കുന്നതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—പൊതുസേവനങ്ങളുടെയും നിശ്ചിത സമയപരിധിയുടെയും നിയുക്ത ഉദ്യോഗസ്ഥന്റെയും അപ്പീൽ അധികാരികളുടെയും വിശദാംശങ്ങൾ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ആക്റ്റിന് കീഴിൽ പ്രദാനം ചെയ്തിട്ടുള്ള പൊതുസേവനങ്ങളുടെ വിശദാംശങ്ങൾ മോണിറ്റർ ചെയ്യുന്നതും ആയത് യഥാസമയം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ശിക്ഷയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—പിഴ വസൂലാക്കലും നഷ്ടപരിഹാരം നൽകലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്കുള്ള സംരക്ഷണത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ആക്റ്റിന് തൽസമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങൾക്കുമേൽ അധിപ്രഭാവം ഉണ്ടായിരിക്കുമെന്നതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ആക്റ്റ് പ്രകാരം ചെയ്ത ഏതൊരു പ്രവർത്തിയിന്മേൽ സിവിൽ കോടതിയുടെ അധികാരികതയ്ക്ക് വിലക്ക് ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന്മേലുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—2012- ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് റദ്ദാക്കുന്നതും ഒഴിവാക്കാവുന്നതും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.